## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 2407 08.03.2017 ലെ മറുപടിയ്ക്ക്

### എടത്വ സബ് ട്രഷറി നിർമ്മാണം

**ചോദ്യം** **ഉത്തരം**

ശ്രീ. തോമസ് ചാണ്ടി

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | എടത്വ സബ് ട്രഷറി നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | | എടത്വ സബ് ട്രഷറി നിർമ്മാണവുമായി ബന്ധപെട്ട് 2011 ൽ പൈലിംഗ് പ്രവർത്തി പൂർത്തിയായിരുന്നെങ്കിലും അതിർത്തി തർക്കത്തെ തുടർന്ന് ബഹു.ആലപ്പുഴ മുൻസിഫ് കോടതിയിൽ കേസ് നിലവിലുള്ളതിനാൽ ടി ട്രഷറിയുടെ നിർമ്മാണം നിർത്തിവെച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത ട്രഷറി നിർമ്മാണത്തിനു എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | തടസ്സം നിലവിലുണ്ട്. 09.03.2007 ലെ കരാർ പ്രകാരം എടത്വ ട്രഷറി കെട്ടിട നിർമ്മാണം കരാറുകാരനെ ഏൽപിക്കുകയുണ്ടായി. എന്നാൽ കരാറുകാരനുമായി തർക്കത്തെ തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ടി പ്രവൃത്തി വിത്ത് ഔട്ട് റിസ്ക് ആന്റ് കോസ്റ്റ്-ൽ ടെർമിനേറ്റ് ചെയ്തു. തുടർന്ന് കെട്ടിട നിർമ്മാണം 16.687 സെന്റ് സർക്കാർ പുറമ്പോക്കിലും സെന്റ് ജോർജ്ജ് ഫെറോന പാരിഷ് പള്ളി നൽകിയ 5 സെന്റ് സ്ഥലത്തുമായി പുനരാരംഭിച്ചു. കരാറുകാരൻ 2011 ഒക്ടോബറിൽ പൈലിംഗ് പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ അതിർത്തി തർക്കത്തെ തുടർന്ന് അയൽ വസ്തു ഉടമകൾ ബഹു. ആലപ്പുഴ മുൻസിഫ് |

| | | | |
|---|---|---|---|
| | | | കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ടി ട്രഷറിയുടെ നിർമ്മാണം നിർത്തിവെച്ചിരിക്കുകയുമാണ്. 12.09.2014-ൽ ആലപ്പുഴ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പ്രസ്തുത സ്ഥലം റീ-സർവ്വേ നടത്താൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗവും സ്വകാര്യ വ്യക്തികളും തമ്മിലുള്ളതായതിനാൽ കേസിന്റെ അന്തിമ വിധി വന്നാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ